| | | | |
|---|---|---|---|
| **പതിനാലാം കേരള നിയമസഭ** | | | |
| **പതിനാലാം സമ്മേളനം** | | | |
| **നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1879** | | **06/02/2019 ൽ മറുപടിക്ക്** | |
| <u>അഴിമതികേസുകൾ വെളിച്ചത്തു കൊണ്ടുവരുന്നതിന് നടപടി</u> | | | |
| **ചോദ്യം** | | **മറുപടി** | |
| **ശ്രീ. പി. ഉണ്ണി** | | **പിണറായി വിജയൻ<br>(മുഖ്യമന്ത്രി)** | |
| (എ) | മുൻ സർക്കാരിന്റെ കാലത്ത് (2011-2016) മന്ത്രിമാരും ഉന്നത ഉദ്യോഗസ്ഥരും ഉൾപ്പെട്ട ധാരാളം അഴിമതി നടന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | അത്തരം അഴിമതികേസുകൾ വെളിച്ചത്തു കൊണ്ടുവരുന്നതിനും കുറ്റക്കാർക്ക് ശിക്ഷ ലഭിക്കുന്നതിനുമായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്നതിന്റെ വിശദാംശം ലഭ്യമാക്കാമോ? | (ബി) | മുൻ സർക്കാരിന്റെ കാലത്ത് (2011 - 16) മന്ത്രിമാരും ഉന്നതഉദ്യോഗസ്ഥരും ഉൾപ്പെട്ട അഴിമതി സംബന്ധിച്ച് ലഭിച്ച പരാതികളിൽ വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ അന്വേഷണം നടത്തി, 1988 ലെ അഴിമതി നിരോധന നിയമത്തിന്റെ പരിധിയിൽ വരുന്ന കുറ്റകൃത്യങ്ങൾ നടത്തിയതായി കാണപ്പെട്ട ആരോപണങ്ങളിന്മേൽ അഴിമതി നിരോധന നിയമത്തിലെ ബന്ധപ്പെട്ട വകുപ്പുകൾ അനുസരിച്ച് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കോടതിയിൽ കുറ്റപത്രം സമർപ്പിക്കുന്നതിനാവശ്യമായ തെളിവുകൾ ലഭിച്ച കേസുകളിൽ കുറ്റക്കാർക്കെതിരെ കുറ്റപത്രം സമർപ്പിക്കുകയും, ഗുരുതരമല്ലാത്ത ക്രമക്കേടുകൾ കണ്ടെത്തിയ കേസുകളിൽ ഉദ്യോഗസ്ഥർക്കെതിരെ ആവശ്യമായ വകുപ്പുതല നടപടി സ്വീകരിക്കുന്നതിനായി ശിപാർശ ചെയ്യുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ